


2022
DEC
29

2023
JAN
03

# ഇന്ത്യൻ ലൈബ്രറി കോൺഗ്രസ്

## കണ്ണൂർ



ഉദ്ഘാടനം
**ശ്രീ. പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി

**പുസ്തകോത്സവം**
**സാംസ്കാരികോത്സവം**
**പ്രദർശനങ്ങൾ**
**സെമിനാറുകൾ**
**കണ്ണൂർ ദർശൻ**

INDIAN
LIBRARY
CONGRESS

# ഇന്ത്യൻ ലൈബ്രറി കോൺഗ്രസ്

മനുഷ്യരെയെല്ലാം ഉൾക്കൊണ്ട് ശാക്തീകരിക്കുന്ന, ജനാധിപത്യപരമായ പൊതു ഇടങ്ങളായി ഇന്ത്യയിലെ ലൈബ്രറികൾ ഉയർന്നുവരണം. ലൈബ്രറികളുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിന് വേണ്ട ആശയങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള തീവ്രമായ ചർച്ചകൾക്കുള്ള വേദിയായി ഇന്ത്യൻ ലൈബ്രറി കോൺഗ്രസ്സ് മാറും.

ഈ ലക്ഷ്യം സാധ്യമാക്കാൻ, ആഗോളവും പ്രാദേശികവുമായ അനുഭവങ്ങളിൽ നിന്ന് പഠിക്കേണ്ടതുണ്ട്. ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥ അതിവേഗം ഉയർന്നുവരുന്ന ഈ കാലഘട്ടത്തിൽ, ലൈബ്രറികൾ കൂട്ടായ പഠനത്തിന്റെ ഇടങ്ങളായി ഉയർന്നുവരണം. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും പിന്നോക്ക പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന ലൈബ്രറികൾ സ്ഥാപിക്കുന്നതിനുള്ള മുന്നേറ്റങ്ങളെ ഇന്ത്യൻ ലൈബ്രറി കോൺഗ്രസ് ശക്തിപ്പെടുത്തും.

ഗ്രന്ഥശാലകൾ സാങ്കേതികവിദ്യയുടെ വളർച്ചയും വികാസവും പ്രയോജനപ്പെടുത്തണം. കൂടാതെ സാങ്കേതികവിദ്യകൾ സാധാരണക്കാർക്ക് പ്രാപ്യമാക്കാനുള്ള പരിശ്രമത്തിന്റെ മുൻനിരയിൽ നിൽക്കുകയും വേണം. ഇന്ത്യൻ ലൈബ്രറി കോൺഗ്രസ്, ഈ നൂതനസാഹചര്യങ്ങളെ വിലയിരുത്തുകയും പഠിക്കുകയും, മനുഷ്യരെ ഒന്നിപ്പിക്കുന്ന ഇടങ്ങളായി വായനശാലകളെ മാറ്റുക എന്ന ലക്ഷ്യത്തിനു വേണ്ട പദ്ധതി ആവിഷ്കരിക്കുകയും ചെയ്യും.

നിരവധി പൊതു സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കൂട്ടായ സംരംഭമാണ് ഇന്ത്യൻ ലൈബ്രറി കോൺഗ്രസ്. ജനാധിപത്യബദലുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുള്ള ഒരു വേദി എന്ന നിലയിൽ, വിദ്യാർത്ഥികൾ, ഗവേഷകർ, ജനപ്രതിനിധികൾ, എഴുത്തുകാർ, കലാകാരന്മാർ, ലൈബ്രറി പ്രൊഫഷണലുകൾ, അധ്യാപകർ, തുടങ്ങി എല്ലാ തലത്തിലുള്ളവരുടെയും പങ്കാളിത്തം ഇന്ത്യൻ ലൈബ്രറി കോൺഗ്രസ് പ്രതീക്ഷിക്കുന്നു.

ഇന്ത്യയിലെ മികച്ച സർവകലാശാലകളിലൊന്നായ കണ്ണൂർ സർവകലാശാലയാണ് 2023 ജനുവരി 1 മുതൽ 3 വരെ കണ്ണൂരിൽ നടക്കുന്ന ഇന്ത്യൻ ലൈബ്രറി കോൺഗ്രസിന് ആതിഥേയത്വം വഹിക്കുന്നത്. പ്രശസ്തരായ അധ്യാപക വൃന്ദവും നിരവധി പേറ്റന്റുകളും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെ നിരവധി നേട്ടങ്ങളുമുള്ള സർവകലാശാലയ്ക്ക് മികച്ച സജ്ജീകരണങ്ങളുള്ള ഒരു ലൈബ്രറി സംവിധാനവും സുസജ്ജമായ ലൈബ്രറി സയൻസ് വകുപ്പും ഉണ്ട്.

ഫ്യൂഡൽ, കൊളോണിയൽ വിരുദ്ധ പ്രസ്ഥാനങ്ങളുടെ ഭാഗമായി ഉയർന്നുവന്ന സജീവമായ പ്രാദേശിക ലൈബ്രറികളുടെ വലിയ ശൃംഖലയാണ് കണ്ണൂരിന്റെ പ്രത്യേകത. ചലനാത്മകമായ ഗ്രാമീണ കേന്ദ്രങ്ങളുടെ ഈ ശൃംഖല കൂടിയാണ് 'തറികളുടെയും തിറകളുടെയും നാടായ' കണ്ണൂരിനെ ഇന്ത്യൻ ലൈബ്രറി കോൺഗ്രസിന് അനുയോജ്യമായ വേദിയാക്കുന്നത്. ഈ ത്രിദിന കോൺഗ്രസിലേക്ക് പ്രതിനിധികൾക്കുള്ള രജിസ്ട്രേഷൻ ഫീസ് 2500 രൂപയാണ്. രജിസ്ട്രേഷന്റെ അവസാന തീയതി 2022 നവംബർ 20 ആണ്.

www.peoplesmission.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

**ഗൂഗിൾ പേ : ILC2023@SBI**
**അക്കൗണ്ട് വിശദാംശങ്ങൾ:**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
**അക്കൗണ്ട് നമ്പർ: 00000041271761142**
**IFSC: SBIN0070531**

ആശംസകളോടെ

**ഡോ വി ശിവദാസൻ എംപി**
ചെയർമാൻ

**പ്രൊഫ ഗോപിനാഥ് രവീന്ദ്രൻ**
അക്കാഡമിക് കൺവീനർ

**ടി. കെ. ഗോവിന്ദൻ മാസ്റ്റർ**
ജനറൽ കൺവീനർ

**പി. കെ. വിജയൻ**
ട്രഷറർ

**ഡോ. എം സുർജിത്ത് (9847014647)**
ചെയർമാൻ, രജിസ്ട്രേഷൻ കമ്മിറ്റി

**ബിനോയ് മാത്യു (9495396517**
കൺവീനർ, രജിസ്ട്രേഷൻ കമ്മിറ്റി,

ilckannur1@gmail.com Ph: 9207991907

## പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

ഇന്ത്യൻ ലൈബ്രറി കോൺഗ്രസ് 2023 ജനുവരി 1 മുതൽ 3 വരെ കണ്ണൂരിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിലെ പ്രാദേശികവും ആഗോളവുമായ അനുഭവങ്ങളുടെ അക്കാദമികമായ വിലയിരുത്തലാണ് കോൺഗ്രസ് ലക്ഷ്യമിടുന്നത്. ലൈബ്രറികളുടെ സാധ്യതകൾ വിലയിരുത്തുന്നതിനും വർത്തമാനകാലത്തെയും ഭാവിയിലെയും വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനുള്ള ഒരു സജീവ തന്ത്രം രൂപപ്പെടുത്തുന്നതിലാണ് കോൺഗ്രസ്സ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

താഴെപ്പറയുന്ന വിഷയങ്ങളിൽ പ്രബന്ധങ്ങൾ ക്ഷണിക്കുന്നു.

### പ്രധാന മേഖലകൾ

**1. ലൈബ്രറികളുടെ പരിണാമവും ചരിത്രവും**
കാലാകാലങ്ങളിൽ ആഗോള സങ്കൽപ്പനങ്ങളിലെ മാറ്റങ്ങൾ - സമൂഹനിർമ്മാണത്തിലെ ലൈബ്രറികളുടെ പ്രാദേശിക, ദേശീയ, അന്തർദേശീയ അനുഭവങ്ങൾ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരണ പ്രസ്ഥാനവും ലൈബ്രറികളും - അക്കാദമിക് സ്ഥാപനങ്ങളിലെ ലൈബ്രറികളുടെയും പൊതു ലൈബ്രറികളുടെയും കൂട്ടായ്മ രൂപപ്പെടുത്തൽ; പ്രശ്നങ്ങളും സാധ്യതകളും

**2. പൊതുലൈബ്രറികളുടെ രാഷ്ട്രീയം**
ഇന്ത്യൻ അനുഭവത്തിന്റെ വിലയിരുത്തലുകൾ - പരിണാമം, വളർച്ച, വെല്ലുവിളികൾ -- പൊതുനയവും സംസ്ഥാന,കേന്ദ്ര സർക്കാരുകളുടെ വിഭവങ്ങളുടെ വിഹിതവും.

**3. ലൈബ്രറി - സമൂഹവും സംസ്കാരവും**
സാമൂഹ്യനീതിയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അനുഭവലോകവും - ഗ്രന്ഥശാലകളും സ്ത്രീ ശാക്തീകരണവും- സംസ്കാരവും സാഹിത്യവും - സാക്ഷരത, സാഹിത്യം, സമൂഹം , ലൈബ്രറികളും കായികലോകവും , പൊതു ലൈബ്രറികൾ - ഗ്രന്ഥശാലകളും ശിശു വികസനവും ക്ഷേമവും- ലൈബ്രേറിയന്മാരും അവരുടെ മാറിക്കൊണ്ടിരിക്കുന്ന കടമകളും

**4. സമകാലിക കേരളം - ഗ്രന്ഥശാലാ പ്രസ്ഥാനം: വെല്ലുവിളികളും സാധ്യതകളും**
കേരള വികസനാനുഭവം - ലൈബ്രറികളിലൂടെയുള്ള കൂട്ടായ പഠനവും നൈപുണ്യ വികസനവും - സാമൂഹിക വികസനത്തിനായുള്ള ജനകീയ ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ ജനകീയ ഗ്രന്ഥശാല പ്രസ്ഥാനവും വിഭവസമാഹരണവും

**5. ലൈബ്രറികളും സ്ഥലപരമായ പരിവർത്തനവും**
ലൈബ്രറികളും ശാസ്ത്രസാങ്കേതികവിദ്യയുടെ പങ്കും - കെട്ടിടരൂപകല്പന, നിർമ്മാണം, ജനാധിപത്യ ഇടങ്ങളുടെ സംരക്ഷണം, വിപുലീകരണം - ഗ്രീൻ ലൈബ്രറികൾ

**6. വരുംതലമുറ ലൈബ്രറികളെക്കുറിച്ചുള്ള സങ്കൽപ്പനങ്ങൾ**

ശരിയായ റഫറൻസുകളോടെ പൂർത്തിയാക്കിയ പ്രബന്ധങ്ങൾ **2022 നവംബർ 30**-നകം സമർപ്പിക്കേണ്ടതാണ്. പ്രബന്ധാവതാരകർ www.peoplesmission.in ൽ രജിസ്റ്റർ ചെയ്യണമെന്നും രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു. അബ്സ്ട്രാക്ടും പൂർത്തിയാക്കിയ പ്രബന്ധങ്ങളും **ilckannur1@gmail.com** എന്നവിലാസത്തിലേക്ക് ഇമെയിൽ ചെയ്യാവുന്നതാണ്.

വിശദാംശങ്ങൾക്ക് ദയവായി ബന്ധപ്പെടുക:
**ഡോ. പി. മോഹൻദാസ്** കൺവീനർ, അക്കാദമിക് കമ്മിറ്റി **ഫോൺ : 9447755381**
**ഡോ. അബ്ദുൾ മജീദ് കെ.സി.** പ്രോഗ്രാം കോ-ഓർഡിനേറ്റർ
**മനു എം.ആർ.** അക്കാദമിക് കോ-ഓർഡിനേറ്റർ **ഫോൺ : 9540657428**